

# പൂമൊട്ടുകൾ

## തേനീച്ച

ഒരിടത്ത് അമ്മുവും മേരിയും എന്നു പേരുള്ള രണ്ട് തേനീച്ചകൾ ഉണ്ടായിരുന്നു. അവർ സ്നേഹിതരായിരുന്നു. എല്ലാ ദിവസവും അവർ ഒന്നിച്ചായിരുന്നു തേൻ ശേഖരിക്കാൻ പോകുന്നത്.

ഒരിക്കൽ അമ്മുവിന് തേൻ ശേഖരിക്കാൻ സാധിച്ചില്ല. മേരിക്ക് ഒറ്റക്ക് തേൻ ശേഖരിക്കാൻ പോകേണ്ടി വന്നു.

ഒരു വലിയ കാറ്റടിച്ചു. മേരി ആ കാറ്റിൽ പറന്നു പോയി.

മേരി കണ്ണുതുറന്നപ്പോൾ ഒരു മനോഹരമായ പൂന്തോട്ടം കണ്ടു. അവിടെ ഒരു വലിയ പൂവ് വിരിഞ്ഞു നിൽക്കുന്നു. ആ പൂവിനകത്ത് തേനുണ്ടെന്ന് അവൾ വിചാരിച്ചു. ആ പൂവിനകത്ത് കയറിയപ്പോൾ ആ പൂവിന്റെ ഇതളുകളടഞ്ഞു. മേരി അതിൽ പെട്ടുപോയി. അവൾ എത്ര ശ്രമിച്ചിട്ടും ആ ഇതളുകൾ തുറക്കാൻ സാധിച്ചില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ അവൾ ഉറങ്ങിപ്പോയി. പിന്നീട് കണ്ണുതുറന്നപ്പോൾ ആ പൂവിന്റെ ഇതളുകൾ തുറന്ന് കിടന്നിരുന്നു. മേരിക്ക് വളരെ സന്തോഷമായി.

**മുഹമ്മദ് ഇർഫാൻ ടി എൻ**
പടിഞ്ഞാറക്കര ജെ.ബി സ്കൂൾ, ക്ലാസ് 2
എസ് ആർ കെ നഗർ, ഒറ്റപ്പാലം.



**സന ഷബ്നം,** ക്ലാസ്- 6
ദാറുൽ ഉലൂം ഹൈസ്കൂൾ, തൂത, മലപ്പുറം



**മെഹറീൻ . കെ,** ക്ലാസ്- 2
ഐഡിയൽ സെക്കണ്ടറി സ്കൂൾ വേങ്ങര



**അനിരുദ്ധ് പി,** ക്ലാസ്- 7
പ്രോഗ്രസീവ് ഇംഗ്ലീഷ് സ്കൂൾ വാദിഹുദ
പഴയങ്ങാടി, കണ്ണൂർ



**മുഹമ്മദ് ശഹീം,** ക്ലാസ്-
അൽമനാർ ഇന്റർനാഷണൽ സ്കൂ
യാമ്പു, സൗദിഅറേബ്യ

വാഗൺ ട്രാജഡിയെ പറ്റി അന്വേഷിച്ച കമ്മീഷൻ- നേപ്പ് കമ്മീഷൻ

# ജെ.സി.ബി

ഞാനൊന്നാഞ്ഞ് കൈയോങ്ങി
വയലുകൾ നികന്നു
കാറികൾ വലുതായി
മുതലാളിമാർക്കു വേണ്ടി
പറയുന്നതെല്ലാം അനുസരിച്ചു.

കവളപ്പാറയിലെ
സുന്ദരമലക്ക് പിന്നിൽ
റബ്ബറിനായി കുഴികൾ വെട്ടി
എന്റെ വേഗം ഞാനറിയാതെ
കൂടിവന്നു
മലയുടെ മുഖചരായ
എന്റെ കൈകൾ
മാറ്റിയെടുത്തു.

കാലം മാറി
ഗാഡ്ഗിൽ തന്റെ അന്വേഷണ ചരിതം
മലയാളിക്ക് കൈമാറി.
അവഗണിച്ചു തള്ളിക്കൊണ്ടിരുന്നു
മലയാളി ഇതിനെയും!
ഭാഷണം ഭീഷണിയായി
മാറുമ്പോഴും അയാൾ
നിരീക്ഷിച്ചുകൊണ്ടിരുന്നു.

വാനം കണ്ണീർ പൊഴിച്ചു
ഞാനെടുത്ത മലയുടെ
മറുഭാഗം കവളപ്പാറയിൽ
പേമാരിയെ അതിജീവിക്കാനാവാതെ
പാടുപെടുന്നുണ്ടായിരുന്നു

ഒടുവിൽ
വഴി തേടാതെ,
വഴികളുണ്ടാക്കി
മണ്ണും കല്ലും പാറക്കൂട്ടങ്ങളും
ഒലിച്ചിറങ്ങി
തടുത്തുനിർത്താനാവാതെ
മുതലാളിമാർ എന്റെ കൈകളിൽ
മുറുക്കിപ്പിടിച്ചു.

പിന്നെ
കാലനെന്ന് വിളിക്കപ്പെട്ട
ഞാനിറങ്ങി
മണ്ണ് വിഴുങ്ങിയവരെത്തേടി
മഴയിലേക്ക്...
ചെളിയിലേക്ക്..
പ്രതീക്ഷയിലേക്ക്...

**അമാന റഹ്മ എം,** ക്ലാസ് 10
ജി.വി.എച്ച് എസ്.എസ് , വാഴക്കാട്

## ജെ.സി.ബിയുടെ ആത്മഗതം

കഴിഞ്ഞ പ്രളയകാലത്ത് ഉണ്ടായ ഏറ്റവും വലിയ അത്യാഹിതമായിരുന്നു നിലമ്പൂരിലെ കവളപ്പാറയിലേത്. ഒരു ഗ്രാമം തന്നെ ഒലിച്ചുപോയി. ഇത്തരം ദുരന്തങ്ങളെ ഒരു ജെ.സി.ബി. സംസാരിക്കുന്ന രീതിയിൽ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു. അമാന റഹ്മ എന്ന കൊച്ചുകവി. അതി മനോഹരമായ ഈ കവിതയെ അതിന്റെ സൗന്ദര്യത്തിന്റെ ഉത്തുംഗതയിലേക്ക് എത്തിക്കുന്നത്. 'ജെ.സി.ബി' എന്ന ശീർഷകവും അതു സംസാരിക്കുന്ന രീതിയുമാണ്.




'തേനീച്ച' എന്ന കഥയും നന്ന്.

സസ്നേഹം
**മാഷ്**

നാറാണത്തു ഭ്രാന്തന്റെ പ്രതിമ സ്ഥിതി ചെയ്യുന്ന സ്ഥലം– രായിരനെല്ലൂർ